Sri. P. S. Nataraja Pillai: May I know whether the Government are aware that the factory at Manavalakurichi is not functioning now?

Sri. T. K. Narayana Pillai: Yes, steps are being taken in this direction.

Sri. P. S. Nataraja Pillai: May I know the probable date when they will resume work there?

Sri. T. K. Narayana Pillai: From the nature of the report received, I think it will be resumed within some three months.

Sri. P. S. Nataraja Pillai: Is it the policy of the Government not to close the factory at Manavalakurichi?

Sri. T. K. Narayana Pillai: Yes.

ഹിന്ദിവിദ്യാഭ്യാസം

* ൩൫൩. (൧൦൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തു ആരംഭിച്ചു നടത്തിവരുന്ന ഹിന്ദിവിദ്യാലയങ്ങൾക്ക് ഡിപ്പാർട്ടുമെന്റിൽനിന്നും ഗ്രാൻറുകൊടുത്തു പ്രോത്സാഹിപ്പിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ വിദ്യാലയങ്ങൾ ഏതെല്ലാം;

(സി) ഓരോ വിദ്യാലയത്തിനും നല്കിവരുന്ന ഗ്രാൻറുസംഖ്യ എത്ര വീതം?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിൽ ഹിന്ദിവിദ്യാലയങ്ങൾ നടന്നുവരുന്നുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കോട്ടയത്തു ഒരു ഹിന്ദി കോളേജ് സ്ഥാപിക്കുന്നതിന് വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

വെയിറ്റിംഗ് ഷെഡ്

* ൪൫൯. (൧൦൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരുമ്പാവൂർ ബസ്സ് സ്റ്റാൻറിൽ ഒരു വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതുനിമിത്തം യാത്രക്കാർ വളരെ വിഷമപ്പെടുന്നുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും നടപടികൾ എടുക്കാൻ സാധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ-യും, ബി-യും) ഈ സംഗതികളെപ്പറ്റി യാത്രക്കാരിൽനിന്നും നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

സമീപകാലത്തു ഒരു വെയിറ്റിംഗ് ഷെഡ് കെട്ടുന്നതിനു വേണ്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. രണ്ടു മൂന്നു വാടകക്കെട്ടിടത്തു ഒരു ടൈംകീപ്പറാഫീസും വെയിറ്റിംഗ് ഷെഡും ഡിപ്പാർട്ടുമെന്റിൽനിന്നും ഫണ്ട് സെപ്തമ്പർ ഫാമിനു മുതൽ നടത്തിവരുന്നുണ്ട്.

ശ്രീ. ടി. വി. തോമസ്: മാവേലിക്കരയിൽ വെയിറ്റിംഗ് ഷെഡ് ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വെയിറ്റിംഗ് ഷെഡ് സംബന്ധിച്ച് ഗവൺമെന്റിനു നിശ്ചിതമായ ഒരു പദ്ധതിയുണ്ട്. രണ്ടുകൊല്ലത്തിനുമുമ്പ് ഗവൺമെന്റിൽനിന്നു സ്ഥാപിച്ചിട്ടുള്ള എല്ലാ സ്റ്റേഷനിലും വെയിറ്റിംഗ് ഷെഡ് ഉണ്ടാക്കണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം. അതിൽ മാവേലിക്കരയും ഉണ്ടാകും.

വെയിറ്റിംഗ് ഷെഡ്

*൪൫൪. (ക്ര ൪) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിഴിഞ്ഞം ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റിൽ ഒരു വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതുനിമിത്തം യാത്രക്കാർ വളരെ വിഷമപ്പെടുന്നുണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ എടുക്കാൻ സാധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഈ സംഗതിയെപ്പറ്റി യാത്രക്കാരിൽനിന്നും നിവേദനങ്ങൾ യാതൊന്നും ലഭിച്ചിട്ടില്ല. പക്ഷേ സ്ഥലത്തു ഒരു വെയിറ്റിംഗ് ഷെഡ് കെട്ടുന്ന കാര്യത്തെപ്പറ്റി തീർച്ചയായും പരിഗണിക്കുന്നതാണ്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: തല്ക്കാലത്തേക്ക് ഒരു വെയിറ്റിംഗ് റൂമെങ്കിലും അവിടെ ഉണ്ടാക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ആലോചിക്കാം.

പഞ്ചസാരകോട്ടാ

*൪൫൫. (ക്ര ൫) സാഹിബ് ബഹദൂർ ടി. എ. മജീദ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം കൺഫെക്ഷണറി വർക്സിനു പഞ്ചസാരകോട്ടാ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) പ്രസ്തുത സ്ഥാപനത്തിനു പഞ്ചസാരകോട്ടാ അനുവദിക്കുന്നതിനു ഇൻഡ്യാഗവൺമെന്റിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) പഞ്ചസാര കൺട്രോൾ ചെയ്യാതിരുന്ന കാലത്തെ ചെലവിന്റെ അടിസ്ഥാനത്തിലാണോ കോട്ടാ അനുവദിക്കാറുള്ളത്; അല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly